ധനകാര്യവും റവന്യൂവും വകുപ്പുമന്ത്രി (ശ്രീ. എ. ജെ. ജോൺ):

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

അലോപ്പതി ആശുപത്രി

*വ്യ ൽ. (ൻ ൽ) ശ്രീ. സി. സി. പ്രസാദ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട മെഡിക്കൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) കൊടകരയിലെ ആയുർവ്വേദാശുപത്രിക്ക് പകരം ഒരലോപ്പതി ആശുപത്രി സ്ഥാപിക്കുവാൻ കൊടകരയിലെ പൌരന്മാർ ആവശ്യപ്പെട്ടിട്ടുണ്ടോ;

(ബി) അതിനു നടപടിയെന്തു് എത്രത്തരം നൽകി എന്നു പറയുവാൻ ദയവുണ്ടാകുമോ?

ധനകാര്യവും റവന്യൂവും വകുപ്പുമന്ത്രി (ശ്രീ. എ. ജെ. ജോൺ):

(എ) കൊടകരയിലെ ജനങ്ങളുടെ വൈദ്യസഹായത്തിനു് അവിടത്തെ ആയുർവ്വേദാശുപത്രി പോരാത്തതാണെന്നും അതുകൊണ്ടു് അവിടെ ഒരു അലോപ്പതിക്കു് ആശുപത്രി ആവശ്യമാണെന്നും കാണിച്ചു് ഒരപേക്ഷ കിട്ടിയിട്ടുണ്ടു്.

(ബി) സമീപപ്രദേശങ്ങളായ പുതുക്കാടു്, ഇരിങ്ങാലക്കുട, ചാവക്കാടു് എന്നിവടങ്ങളിൽ ഗവൺമെന്റുവക അലോപ്പതിക്കു് വൈദ്യസ്ഥാപനങ്ങൾ ഉള്ളതുകൊണ്ടു് കൊടകരയിൽ ഒരു ഗവൺമെന്റു് ഡിസ്പെൻസറി അത്യാവശ്യമില്ലെന്നു് മറുപടി നൽകി.

Unstarred Questions

ആശുപത്രി കെട്ടിടം

൨൯. (൭) ശ്രീ. വി. കെ. വല്ലീസ്: താഴെകാണുന്ന ചോദ്യത്തിനു ബഹുമാനപ്പെട്ട മെഡിക്കൽവകുപ്പു മന്ത്രി സദയം മറുപടി പറയുമോ.—

പത്തനംതിട്ട ടൌണിൽ ആശുപത്രിക്കുവേണ്ടി ഒരു കെട്ടിടം ഗവൺമെന്റിൽനിന്നും പണികഴിപ്പിക്കുന്നതിനുദ്ദേശിക്കുന്നുണ്ടോ;

ധനകാര്യവും റവന്യൂവും വകുപ്പുമന്ത്രി (ശ്രീ. എ. ജെ. ജോൺ):

ഉണ്ടു്.

ആശുപത്രികളിൽ ഡോക്ടർമാരുടെ അഭാവം

൩൦. (൨) ഡാക്ടർ എം. ഒ. ചെറിയാൻ: താഴെ പറയുന്ന ചോദ്യത്തിനു് ബഹുമാനപ്പെട്ട മെഡിക്കൽ മന്ത്രി സദയം മറുപടി നൽകുമോ.—

ദേവികുളം താലൂക്കിൽ മറയൂർ, ഉടുമ്പൻചോല, ദേവികുളം, ചിത്തിരപുരം ഈ ആശുപത്രികളിൽ കഴിഞ്ഞ ആറുമാസക്കാലത്തിൽ എത്രനാൾ ഡാക്ടർമാർ ഇല്ലാതിരുന്നിട്ടുണ്ടെന്നു് ദയവായി പറയാമോ?

ധനകാര്യവും റവന്യൂവും വകുപ്പുമന്ത്രി (ശ്രീ. എ. ജെ. ജോൺ):

മറയൂർ ആശുപത്രിയിൽ കഴിഞ്ഞ രണ്ടു വർഷമായും, ഉടുമ്പൻചോല, ദേവികുളം, ഈ ആശുപത്രികളിൽ യഥാക്രമം ൧–൧–൫൦ മുതലും,

LIBRARY ARCHIVES Kerala Legislative Assembly